റമദാൻ നോമ്പിൻെറ നിർവൃതിയിൽ ലതികയും സുഭാഷും

കോട്ടയം: റമദാൻ നോമ്പിൻെറ ആത്മ നിർവൃതിയിലാണ് ലതികയും സുഭാഷും. മുസ്ലീം സമുദായങ്ങൾ ചിട്ടയോടും ഭയഭക്തിയോടും അനുഷ്ഠിക്കുന്ന റമദാൻ നോമ്പ് മുടക്കം കൂടാതെ നോൽക്കാൻ കഴിഞ്ഞ സന്തോഷത്തിലാണ് കോട്ടയം ജില്ലാ പഞ്ചായത്ത് മുൻ പ്രസിഡൻറും കെ.പി.സി.സി. സെക്രട്ടറിയുമായ ലതികയും ഭർത്താവ് സുഭാഷും.

മുസ്ലീം സഹോദരങ്ങൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സുഭാഷാണ് നോമ്പ് എടുക്കാനുള്ള തീരുമാനം ആദ്യം പ്രഖ്യാപിച്ചത്. സുഭാഷിൻെറ തീരുമാനത്തിന് പിന്തുണ അറിയിച്ച് ലതികയും നോമ്പ് ആരംഭിക്കുകയായിരുന്നു. റമദാൻ ആരംഭിച്ച അന്നുമുതൽ കടുത്ത വ്രതാനുഷ്ഠാനങ്ങളോടെയാണ് ഇവർ നോമ്പ് നോറ്റത്. രാവിലെ നാലിന് മുമ്പ് ഇടയത്താഴം കഴിച്ച് സുബഹി ബാങ്ക് വിളിയോടെ നോമ്പ് ആരംഭിക്കുന്ന ഇവർ വൈകുന്നേരം 6 ന് മഗ്‌രിബ് ബാങ്ക് വിളിയോടെയാണ് നോമ്പ് അവസാനിപ്പിച്ചിരുന്നത്.

നോമ്പ് കാലത്ത് നിരവധി പൊതുപരിപാടികളിൽ ഇരുവരും പങ്കെടുത്തെങ്കിലും യാതൊരുവിധ ക്ഷീണവും അനുഭവപ്പെട്ടിരുന്നില്ലെന്ന് ഇരുവരും ചൂണ്ടിക്കാട്ടുന്നു.

എറണാകുളം ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡൻറായിരുന്ന സുഭാഷ് കോൺഗ്രസ് എറണാകുളം ജില്ലാ കമ്മറ്റി വൈസ് പ്രസിൻറ് കൂടിയാണ്.

റംസാൻ ആത്മ സമർപ്പണത്തിൻെറ മാസം: മന്ത്രി മോൻസ് ജോസഫ്

ചങ്ങനാശേരി: ആത്മ സംസ്ക്കരണത്തിനും മാനുഷിക മൂല്യങ്ങൾക്കും മാനവ സാഹോദര്യത്തിനും പരസ്പര ബന്ധങ്ങൾക്കും വില കല്പിക്കുന്ന പുണ്യ മാസമാണ് റംസാൻ മാസമെന്ന് മന്ത്രി മോൻസ് ജോസഫ്. പുതൂർപ്പള്ളിയിൽ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. ചടങ്ങിൽ ഹാജി.എച്ച്.മുഹമ്മദാലി, പി.എ.ഷാഹുൽ ഹമീദ്, ഹാജി പി.എസ്.മുഹമ്മദ് ബഷീർ, യു.നൗഷാദ്, പി.ബി.അബ്ദുസലാം എന്നിവർ പങ്കെടുത്തു.

സൗത്ത് ഇന്ത്യൻ ബാങ്ക് ജില്ലയിൽ ശാഖകളും എ.ടി.എമ്മും തുറന്നു

കോട്ടയം: സൗത്ത് ഇന്ത്യൻ ബാങ്ക് കോട്ടയം ജില്ലയിൽ മൂന്ന് പുതിയ ഓൺലൈൻ ശാഖകൾ തുറന്നു. കല്ലറ സൗത്ത്, കൈപ്പുഴ, രാമപുരം എന്നിവിടങ്ങളിലാണ് പുതിയ ശാഖകൾ. ഇതോടെ ബാങ്കിന് കോട്ടയം ജില്ലയിൽ മാത്രം 34 ശാഖകളായി.

പുതിയ ശാഖകളുടെ ഉദ്ഘാടനം റീജനൽ മാനേജർ ടി.ജെ.റാഫേൽ നിർവഹിച്ചു.

അൽഫോൻസാമ്മയുടെ നാമകരണത്തിനു മുന്നോടിയായി പൊതുജനങ്ങളുടെ സൗകര്യാർഥം സൗത്ത് ഇന്ത്യൻ ബാങ്ക് ഭരണങ്ങാനം ശാഖയോട് ചേർന്ന് ഒരു എ.ടി.എം. സ്ഥാപിച്ചു. ഇതിൻെറ ഉദ്ഘാടനം വികാരി ഫാ.സെബാസ്റ്റ്യൻ മുണ്ടൂഴിക്കര നിർവഹിച്ചു. വൈസ് പോസ്റ്റുലേറ്റർ ഫാ.ഫ്രാൻസിസ് വടക്കേൽ, റീജനൽ മാനേജർ ടി.ജെ.റാഫേൽ, ബ്രാഞ്ച് മാനേജർ ടി.തോമസ് എന്നിവർ പ്രസംഗിച്ചു.

മരണത്തിൻെറ മുന്നിൽനിന്നും രാജു ഓടിയത് ജീവിതത്തിലേക്ക്

■ സ്വന്തം ലേഖകൻ

■ ആന ചവുട്ടി പരുക്കേറ്റ് മെഡിക്കൽ കോളജിൽ ചികിത്സയിലായ രാജു

കോട്ടയം: മരണത്തിനും ജീവിതത്തിനുമിടയിൽ ദൈവം നൽകിയ ഒരു നിമിഷം. ആ നിമിഷത്തെ ധൈര്യത്തിൻ്റെ ബലത്തിലാണു രാജുവും നാലു വിദേശികളും ഇപ്പോഴും ജീവിച്ചിരിക്കുന്നത്.

മരണത്തിൻ്റെ മുൻപിൽനിന്നു തലനാരിഴയ്ക്കു രക്ഷപ്പെട്ടെങ്കിലും പേടിപ്പെടുത്തുന്ന ഓർമകൾ രാജുവിനു ചുറ്റും ഇപ്പോഴുമുണ്ട്.

കോട്ടയം മെഡിക്കൽ കോളജിലെ അത്യാഹിത വിഭാഗത്തിൽ ജീവിതത്തിലേക്കു തിരിച്ചുവന്നുകൊണ്ടിരിക്കുമ്പോഴും രാജുവിനു കൺമുൻപിൽ തെളിയുന്നതു തേക്കടി വനത്തിലെ ഒറ്റയടിപ്പാതയും അലറിയെത്തുന്ന കൊമ്പനെയുമാണ്. ഒറ്റയാൻ്റെ മുൻപിൽനിന്ന് അത്ഭുതകരമായി നാലുപേരെ രക്ഷപ്പെടുത്തിയതിൻ്റെയും മരണത്തിൻ്റെ മുൻപിൽനിന്നു ഉരുണ്ടുമാറി സ്വയം രക്ഷപ്പെട്ടതിൻ്റെയും ആശ്വാസത്തിലാണ് രാജു.

തേക്കടി വനത്തിലെ ടൂറിസ്റ്റ് ഗൈഡായ രാജു രണ്ടു സ്ത്രീകളടങ്ങിയ നാലംഗ വിദേശ വിനോദസഞ്ചാരികളുമായി കാടുകാണാൻ ഇറങ്ങിയതായിരുന്നു. സ്ഥിരം പാതയിലൂടെയായിരുന്നു യാത്ര. അധികം ദൂരമെത്തിയില്ല മുൻപിലൊരു കൊമ്പൻ. ഒറ്റയാൻ്റെ സ്വഭാവം നന്നായറിയാവുന്ന രാജു ആനയുടെ നീക്കം ഒരു നിമിഷം ശ്രദ്ധിച്ചു. അതിനുശേഷം എതിർ ദിശയിലേക്കു സഞ്ചാരികളോട് ഓടാൻ പറഞ്ഞശേഷം വായുവേഗത്തിൽ അതേ ദിശയിലേക്കു കുതിച്ചു.

ഇതിനിടെ കൂട്ടത്തിൽ ഒരു സ്ത്രീ നിലത്തു വീണു. അപ്പോഴേക്കും ആന അടുത്തെത്തിക്കഴിഞ്ഞു. തിരിച്ചെത്തിയ രാജു ഞൊടിയിടയിൽ സ്ത്രീയെ വലിച്ചിഴച്ചു വശത്തേക്കിട്ടു. പക്ഷേ, ഇതിനിടെ രാജുവിനെ ആന തട്ടിയിട്ടുകഴിഞ്ഞിരുന്നു.ആനയുടെ ആദ്യ ചവിട്ട് ഉരുണ്ടുമാറിയതിനാൽ കൈയുടെ ഒരു വശത്താണു കൊണ്ടത്. അടുത്ത ചവിട്ടിനു മുൻപ് വീണു കിട്ടിയ ധൈര്യവും കാടിൻ്റെ ശാസ്ത്രവും ഉപയോഗിച്ച് രാജു പ്രത്യേക ശബ്ദം പുറപ്പെടുവിച്ചു.ആനയുടെ ശ്രദ്ധ മാറിയ നിമിഷംകൊണ്ട് തൊട്ടടുത്ത ചരുവിലൂടെ അടുത്ത പുഴയിലേക്ക്. അവിടെനിന്ന് ഒരൊറ്റ പാച്ചിൽ, ഒന്നര കിലോമീറ്റർ അകലെ ഫോറസ്റ്റ് ഗാർഡുമാരുടെ അടുത്തെത്തിയാണ് രാജു നിന്നത്.

വിവരമറിഞ്ഞ അവർ വിദേശികളെ കാടിനുള്ളിൽനിന്നു കണ്ടെത്തി. അപകടത്തിൽ കൈ തകർന്നുപോയ രാജുവിനെ ആദ്യം കുമളിയിലെ ആശുപത്രിയിലും പിന്നീട് കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിലും എത്തിച്ചു.

ആനയുടെ ചവിട്ടേറ്റ് അസ്ഥികൾ തകർന്നുപോയ രാജുവിൻെറ കൈ ഇന്ന് ഓപ്പറേഷൻ നടത്തും.

വിവാദപാലം പുനഃസ്ഥാപിക്കാൻ ആർ.ഡി.ഒ.യുടെ അനുമതി

■ പാലം നാളെ രാവിലെ ഇടുമെന്ന് സി.പി.ഐ

കോട്ടയം: തിരുവാർപ്പിലെ സി.പി.ഐ. പ്രവർത്തകൻെറ പുരയിടത്തിലേക്കുള്ള വിവാദപാലം അല്പം മാറ്റി പുനഃസ്ഥാപിക്കാൻ ആർ.ഡി.ഒ. അനുമതി നൽകി.

ഇല്ലിക്കൽ കവലയിലെ പാർട്ടി ഓഫീസിൽ നിന്നും നാളെ പ്രകടനമായെത്തി പാലം വീണ്ടും സ്ഥാപിക്കുമെന്ന് സി.പി.ഐ. ആവർത്തിച്ചു വ്യക്തമാക്കി. തിരുവാർപ്പ് പരുത്തിയങ്കം മാറാണിയകത്ത് ഒ.സി.മാത്യുവിൻെറ വീട്ടിലേക്കുള്ള നടപ്പാലം കഴിഞ്ഞമാസം 21 നാണ് നശിപ്പിച്ചത്. തുടർന്ന് ആർ.ഡി.ഒ. അന്വേഷണം നടത്തി. നിരവധിപേരുടെ അഭിപ്രായങ്ങൾ ആരാഞ്ഞ ശേഷമാണ് സമീപത്തെ കുളിക്കടവിനു ശല്യമുണ്ടാകാത്തരീതിയിൽ പുരയിടത്തിൻെറ വടക്കേ അറ്റത്ത് പാലം ഇടാൻ അനുവാദം നൽകിയത്. കുമരകം എസ്.ഐ.യുടെ സാന്നിധ്യത്തിലാകണം പാലം പുനഃസ്ഥാപിക്കേണ്ടതെന്നാണ് നിർദേശം. ക്രിമിനൽ നടപടിക്രമം 147 (3) വകുപ്പുപ്രകാരം എതിർ ഹർജിക്കാർ തടസങ്ങളുണ്ടാക്കാൻ പാടില്ലെന്നും സബ്ഡിവിഷണൽ മജിസ്ട്രേറ്റ് കൂടിയായ ആർ.ഡി.ഒ. പി.ജി.തോമസ് ഉത്തരവിട്ടു. കഴിഞ്ഞ രണ്ടു വർഷമായി മാത്യുവും കുടുംബവും തടി പാലം ഉപയോഗിച്ചു വന്നിരുന്നതായി തിരുവാർപ്പ് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ആർ.ഡി.ഒ.യുടെ ഉത്തരവിൻെറ പകർപ്പ് കലക്ടർ, തഹസിൽദാർ, വെസ്റ്റ് സർക്കിൾ ഇൻസ്പെക്ടർ, കുമരകം എസ്.ഐ, വില്ലേജ് ഓഫീസർ എന്നിവർക്കു കൈമാറിയിട്ടുണ്ട്. പാലം പുനഃസ്ഥാപിക്കാൻ എതിരുനിൽക്കുന്നവർ ആർ.ഡി.ഒ.യുടെ ഉത്തരവ് മാനിച്ചു പിൻമാറണമെന്ന് സി.പി.ഐ. ലോക്കൽ സെക്രട്ടറി കെ.എസ്.കമലാസനൻ ആവശ്യപ്പെട്ടു. നാളെ രാവിലെ പത്തിനു ഇല്ലിക്കൽ കവലയിൽ പ്രകടനത്തിൽ പങ്കെടുക്കാനായി എത്താൻ സി.പി.ഐ. നേതൃത്വം അണികളോടു നിർദേശിച്ചിട്ടുണ്ട്. അതിനിടെ പാലം പുനഃസ്ഥാപിക്കുന്നതിന് സ്റ്റോപ്പ് മെമ്മോ ഇറക്കിയ പഞ്ചായത്ത് സെക്രട്ടറി ഇതിനായി കുമരകം പോലീസിൻെറ സഹായം ഇന്നലെ തേടി. എന്നാൽ ആർ.ഡി.ഒ.യുടെ ഉത്തരവ് ചൂണ്ടിക്കാട്ടി പോലീസ് ഇതിനോടു പ്രതികരിച്ചിട്ടില്ലത്രേ.

സഹകരണ നവരത്ന ബംബർ ഭാഗ്യക്കുറി വിതരണം തുടങ്ങി

കോട്ടയം: സഹകരണ നവരത്ന ബംബർ ഭാഗ്യക്കുറിയുടെ ജില്ലാതല വിതരണം തുടങ്ങി. ജില്ലാ സഹകരണബാങ്ക് ഓഡിറ്റോറിയത്തിൽ വി.എൻ.വാസവൻ എം.എൽ.എ. വിതരണം ഉദ്ഘാടനം ചെയ്തു.

ജില്ലാ ബാങ്ക് പ്രസിഡൻറ് അഡ്വ. വി.എൻ.ശശിധരൻ, ജോയിൻറ് രജിസ്ട്രാർ ജനറൽ എസ്.ശശികുമാർ, ജില്ലാ സഹകരണ ബാങ്ക് എക്സിക്യൂട്ടീവ് ഓഫീസർ കെ.സി.തോമസ് എന്നിവർ ടിക്കറ്റുകൾ ഏറ്റുവാങ്ങി.

അഡീഷണൽ രജിസ്ട്രാർ ഓഡിറ്റ് സി.വി.ജയൻ, ജോയിൻറ് രജിസ്ട്രാർ ഓഡിറ്റ് സി.സി.മാണി, അസിസ്റ്റൻറ് രജിസ്ട്രാർ ജനറൽ സി.എസ്.വിജയകുമാരൻനായർ എന്നിവർ സംസാരിച്ചു.

ഈദ് മനുഷ്യസ്നേഹത്തിൻെറ സുദിനം


■ മുഹമ്മദ് നദീർ മൗലവി
ഇമാം കൗൺസിലർ
കോട്ടയം

മനുഷ്യജീവിതത്തെ വ്യക്തിതലത്തിലും സാമൂഹിക തലത്തിലും സംസ്ക്കരിച്ചു ധാർമ്മിക സദാചാരമൂല്യങ്ങൾക്കുവേണ്ടി നിലകൊള്ളുന്ന ഒരു സമൂഹത്തെ വാർത്തെടുക്കുകയാണ് ഇസ്ലാമിക ആരാധനകളുടേയും ആഘോഷങ്ങളുടെയും ലക്ഷ്യം.

വ്രതാനുഷ്ഠാനം, നമസ്കാരം സക്കാത്ത്, ഹജ് തുടങ്ങിയ ആരാധനകർമ്മങ്ങൾക്കെല്ലാം കേവലം അനുഷ്ഠാനങ്ങൾ എന്നതിലുപരി വിപുലമായ സാമൂഹിക സാംസ്കാരിക മാനങ്ങളുണ്ട്. മുസ്ലീംകൾക്ക് ദിനംപ്രതി അഞ്ചുനേരം നമസ്കരിക്കൽ നിർബന്ധമാണ്.സമത്വത്തിൻെറ മഹത്തായ നിദർശനമത്രെ ഇത്. എന്നാൽ സാമൂഹിക സമത്വ ചിന്താഗതി കേവലം

ആരാധനകളിൽ മാത്രം ഒതുങ്ങിയാൽ അതിന് പരിപൂർണത കൈവരിക്കാൻ കഴിയില്ല. മറ്റൊരു നിർബന്ധ ആരാധനയായ സക്കാത്തിൻെറ പ്രസക്തി ഇവിടെ ചിന്തനീയമാണ്. ആരാധനയ്ക്ക് ശേഷം മടങ്ങിപോകുന്ന വിശ്വാസികളിൽ ഒരു വിഭാഗം ഭൗതികതയുടെയും ഉത്തംഗ സോപാനത്തിൽ വിരാജിക്കുമ്പോൾ മറ്റൊരു വിഭാഗം ദാരിദ്ര്യത്തിൻെറ അഗാധ ഗർത്തത്തിൽ നട്ടം തിരിയുന്നു.

പ്രതിവർഷം പണക്കാരൻ പാവപ്പെട്ടവനു തൻെറ ആകെ സ്വത്തിൻെറ രണ്ടരശതമാനം നിർബന്ധമായും കൊടുക്കണമെന്നും പുറമെ ഔദാര്യമെന്ന നിലയിൽ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കണമെന്നും സക്കാത്തിലൂടെ ഇസ്ലാം നിഷ്കർഷിക്കുന്നു.ഒരുമാസക്കാലം പകലന്തിയോളം അന്നപാനീയങ്ങളും വൈകാരിക ചിന്തകളും പ്രവർത്തനങ്ങളും വർജിക്കുകയാണ് വ്രതാനുഷ്ഠാനത്തിലൂടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്.

വിശപ്പിൻെറ കാഠിന്യം ബോധ്യപ്പെടുന്നതിനും പട്ടിണിയും പരിവേദനവുമായി കഴിയുന്ന സഹജീവികളോട് കരുണ കാട്ടുന്നതിനും ഇത് കാരണമായിത്തീരുന്നു.മനുഷ്യൻ സംസ്കാര സമ്പന്നനാകുന്നതിന് അവൻെറ ശരീരേന്ദ്രിയങ്ങളെ നിയന്ത്രിക്കാൻ കഴിയേണ്ടതുണ്ട്. അവനിൽ മനുഷ്യത്വം രൂപപ്പെട്ടുവരുന്നതിനുള്ള പ്രായോഗിക പരിശീലനമാണ് വ്രതാനുഷ്ഠാനം ലക്ഷ്യമാക്കുന്നത്.

മനുഷ്യൻ തൻെറ ജന്തുവാസനകളെ അതിജീവിക്കുന്നതിൽനിന്നാണ് യഥാർത്ഥ മാനുഷികത രൂപപ്പെട്ടുവരുന്നത്. ഇതാണ് വ്രതാനുഷ്ഠാനത്തിൻെറ പരമമായ ലക്ഷ്യം. ജഡികാവശ്യങ്ങളുടെ നിഗ്രഹമല്ല നിയന്ത്രണമാണ് വ്രതം. ഭൗതിക ജഡത്തിന്മേലുള്ള ആത്മാവിൻെറ ആധിപത്യമാണ് വ്രതം വിളിച്ചറിയിക്കുന്നത്.മനുഷ്യത്വത്തിലേയ്ക്കു മനുഷ്യനെ നയിക്കുന്ന വ്രതാനുഷ്ഠാനത്തിലൂടെ അവൻ നേടിയെടുത്ത സൽഗുണങ്ങൾ ജീവിതകാലമത്രയും നിലനിർത്തുമെന്നും അസത്യവും അധർമ്മവും ജീവിത കാലമത്രയും

തനിക്കു നിഷിദ്ധമായിരിക്കുമെന്നുമുള്ള പ്രഖ്യാപനമാണ് വിശുദ്ധമാസത്തിൻെറ പരിസമാപ്തികുറിച്ചുകൊണ്ട് ഈ ദുൽഫിത്തർ ആഘോഷിക്കുന്നതിലൂടെ മുസ്ലീം ലോകം വിളംബരം ചെയ്യുന്നത്. മനുഷ്യസ്നേഹത്തിൻെറ കരുണയുടെയും സൗഹാർദ്ദത്തിൻെറയും സുദിനമത്രെ ഈദ്.

ധർമ്മത്തിൻെറയും സമർപ്പണത്തിൻെറയും വിശ്വാസത്തിൻെറയും ലോകമാനവികതയുടെ സന്ദേശമാണ് ഈദ് നമുക്ക് നൽകുന്നത്.

അൽഫോൻസാമ്മയുടെ വിശുദ്ധ പദവി പ്രഖ്യാപനം: ആദ്യ സംഘം ഇന്ന് യാത്ര തിരിക്കും

പാലാ: വാഴ്ത്തപ്പെട്ട അൽഫോൻസാമ്മയെ വിശുദ്ധ പദവിയിലേക്ക് ഉയർത്തുന്ന ചടങ്ങിൽ സംബന്ധിക്കുന്നതിനുള്ള ആദ്യ സംഘം ഇന്ന് വത്തിക്കാനിലേക്ക് യാത്ര തിരിക്കും. ഇന്നു രാത്രി 10-ന് ഭരണങ്ങാനത്ത് അൽഫോൻസാ ചാപ്പലിൽ ഒത്തുകൂടുന്ന സംഘം കുർബ്ബാന അർപ്പിച്ചശേഷമാണ് വത്തിക്കാനിലേക്കു തിരിക്കുന്നത്.

നെടുമ്പാശേരിയിൽനിന്ന് പാരീസിലേക്കും അവിടെനിന്ന് ലൂർദ്, മിലാൻ, വെനീസ്, അസീസി തുടങ്ങി വിശുദ്ധ നാടുകളിലേക്കും തിരിക്കുന്ന സംഘം ഒൻപതിന് വത്തിക്കാനിലെത്തും. ഒക്ടോബർ 12-ന് വത്തിക്കാൻസമയം രാവിലെ ഒൻപതരയ്ക്ക്(ഇന്ത്യൻ സമയം ഉച്ചയ്ക്ക് ഒന്നിന്) വത്തിക്കാൻ സെൻറ് പീറ്റേഴ്സ് സ്ക്വയറിൽ പ്രദക്ഷിണത്തോടെ ആരംഭിച്ച് ബസിലിക്കയിൽ അർപ്പിക്കപ്പെടുന്ന ദിവ്യബലിമധ്യേയാണ് ബനഡിക്ട് പതിനാറാമൻ മാർപാപ്പ അൽഫോൻസാമ്മയെ വിശുദ്ധയായി പ്രഖ്യാപിക്കുക. ചടങ്ങിൽ സീറോ മലബാർ സഭയിലെ ഒൻപത് പിതാക്കന്മാർ സഹ കാർമ്മികരായിരിക്കും. മേജർ ആർച്ച്ബിഷപ്പ് കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ, മാർ ജോസഫ് പൗവ്വത്തിൽ, മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോസഫ് പള്ളിക്കാപ്പറമ്പിൽ, മാർ ജോർജ് വലിയമറ്റം, മാർ ആൻഡ്രൂസ് താഴത്ത്, മാർ മാത്യു മൂലക്കാട്ട്, മാർ ജോസഫ് പെരുന്തോട്ടം, മാർ മാത്യു അറയ്ക്കൽ എന്നിവരാണ് മാർപാപ്പയോടൊപ്പം വിശുദ്ധ പദവി പ്രഖ്യാപനച്ചടങ്ങിലും വിശുദ്ധ കുർബ്ബാനയിലും സഹ കാർമ്മികരായി വേദിയിലുണ്ടാകുക.

പാലാ രൂപതാ വികാരി ജനറാളന്മാരായ മോൺ. ഈനാസ് ഒറ്റത്തെങ്ങുങ്കൽ, മോൺ. ഫിലിപ്പ് ഞരളയ്ക്കാട്ട്, അൽഫോൻസാമ്മയുടെ നാമകരണ നടപടികളുടെ വൈസ് പോസ്റ്റുലേറ്റർ ഫാ. ഫ്രാൻസീസ് വടക്കേൽ, പാലാ രൂപതാ പാസ്റ്ററൽ കോ-ഓർഡിനേറ്റർ റവ. ഡോ. ജോസഫ് കുഴിഞ്ഞാലിൽ, ഭരണങ്ങാനം പള്ളി വികാരി ഫാ. സെബാസ്റ്റ്യൻ മുണ്ടുമൂഴിക്കര തുടങ്ങിയവരുടെ നേതൃത്വത്തിലുള്ള സംഘമാണ് ഇന്ന് പുറപ്പെടുക. ഇവർക്കൊപ്പം സീറോ-മലബാർ, സീറോ-മലങ്കര, ലത്തീൻ സഭകളിൽനിന്നുള്ളവരുമുണ്ടായിരിക്കും. ഭാരതസഭയിലെ നിരവധി പിതാക്കന്മാരും വൈദികരും സന്യസ്തരും അത്മായരുമടക്കം ആറായിരത്തോളം മലയാളികൾ വിശുദ്ധ പദവി പ്രഖ്യാപനച്ചടങ്ങിൽ സംബന്ധിക്കും.

പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ടിൻ്റെ നേതൃത്വത്തിലുള്ള അടുത്ത സംഘം അഞ്ചിനാണ് പാലായിൽനിന്ന് പുറപ്പെടുന്നത്. പാലാ രൂപതയിൽനിന്നുള്ള സംഘത്തിനൊപ്പം കുറവിലങ്ങാട് നിധിരിക്കൽ മാണിക്കത്തനാർ ഫൗണ്ടേഷൻ ചെയർമാൻ പ്രൊഫ. ജോർജ് ജോൺ നിധിരി, അന്നക്കുട്ടി ജോർജ് എന്നിവരും റോം സന്ദർശിക്കും. റോമിലെ വിവിധ ദേവാലയങ്ങളിലും അനുബന്ധ സ്ഥാപനങ്ങളിലുമാണ് ഭാരതത്തിൽനിന്നുള്ള സംഘം താമസിക്കുക.

13-ന് വത്തിക്കാൻസമയം രാവിലെ എട്ടരയ്ക്ക് വത്തിക്കാനിലെ ഹോളിസ്പിരിറ്റ് ദേവാലയത്തിൽ കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ മുഖ്യ കാർമ്മികനായി അർപ്പിക്കപ്പെടുന്ന കൃതജ്ഞതാബലിയിൽ ഇന്ത്യയിൽനിന്നുള്ള നൂറിലേറെ ബിഷപ്പുമാരും സന്യസ്തരും സംബന്ധിക്കും.

ഭരണമുന്നണി നടത്തുന്ന ഭീകരാക്രമണങ്ങളാണ് എൽ.ഡി. എഫ്. യോഗങ്ങളെന്ന് പി.സി.ജോർജ്

കോട്ടയം: കേരളീയ സമൂഹത്തിൽ ഭരണമുന്നണി നടത്തുന്ന ഭീകരാക്രമണങ്ങളായി ഓരോ എൽ.ഡി.എഫ് യോഗവും മാറ്റിയിരിക്കുകയാണെന്ന് കേരളാ കോൺഗ്രസ് സെക്യുലർ ലീഡർ പി.സി.ജോർജ്.

കോട്ടയത്ത് യൂത്ത് ഫ്രണ്ട് സെക്യുലറിൻെറ സംസ്ഥാന കമ്മിറ്റിയോഗം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.വരുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ പൊട്ടിത്തെറിക്കുമെന്നുള്ള പതിനെട്ടു ചാവേറുകളെ മന്ത്രിവേഷം കെട്ടിച്ച് പൊതുചെലവിൽ ജനജീവിതം തകർക്കാൻ കമ്യൂണിസ്റ്റ് പാർട്ടി നിയോഗിച്ചിരിക്കുകയാണെന്നും പി.സി.ജോർജ് ആരോപിച്ചു.

യോഗത്തിൽ സംസ്ഥാന പ്രസിഡൻറ് അഡ്വ. ബോബൻ ടി.തെക്കേൽ അധ്യക്ഷതവഹിച്ചു. ജേക്കബ്തോമസ് അരികുപുറം, എസ്.ഭാസ്കരൻപിള്ള, മാലേത്ത് പ്രതാപചന്ദ്രൻ, തോമസ് കണ്ണന്തറ, അഡ്വ. മോഹൻ തോമസ് തുടങ്ങിയവർ പ്രസംഗിച്ചു.

പ്രദർശനവും സെമിനാറും

കോട്ടയം: മഹാത്മാഗാന്ധി സർവകലാശാല പ്രസിദ്ധീകരണവിഭാഗം ഇരുപതാം വാർഷികാഘോഷങ്ങളുടെ ഭാഗമായി ഒക്ടോബർ ആദ്യവാരം നടത്താനിരുന്ന അക്ഷരം, അച്ചടി, അറിവ് എന്ന പ്രദർശനവും സെമിനാറും മാറ്റിവച്ചു. പരിപാടി ഒക്ടോബർ 23 മുതൽ 27 വരെ തീയതികളിൽ കോട്ടയം സി.എം.എസ്. കോളജിൽ നടത്തും. കോളജ് വിദ്യാർഥികൾക്കായുള്ള പ്രസംഗം, ക്വിസ്, കവിതകളുടെ ആലാപനം എന്നീ മത്സരങ്ങളിൽ പങ്കെടുക്കാനാഗ്രഹിക്കുന്നവർക്ക് 17 വരെ പേരു രജിസ്റ്റർ ചെയ്യാം. വിശദ വിവരങ്ങൾക്ക് ഡയറക്ടർ, പ്രസിദ്ധീകരണ വിഭാഗം, മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ്, കോട്ടയം 686 560 (ഫോൺ 0481 2731462, 9447912448, 9846481274)

ലക്ഷങ്ങളുടെ കള്ളനോട്ടുകളുമായി എട്ടംഗസംഘം അറസ്റ്റിൽ

■ കള്ളനോട്ടുകേസിൽ പിയിലായ പ്രതികൾ

ചങ്ങനാശേരി: ലക്ഷക്കണക്കിന് രൂപയുടെ വ്യാജനോട്ടുമായി ഓട്ടോറിക്ഷാ ഡ്രൈവർമാരടക്കമുള്ള എട്ടംഗസംഘത്തെ ചങ്ങനാശേരി പോലീസ് അറസ്റ്റു ചെയ്തു.

തിരുവല്ലയിൽ ഓട്ടോ ഡ്രൈവറായ കല്ലൂപ്പാറ ചാക്കോഭാഗം ബെസിലാൽ (21), പെരുന്ന സ്വദേശി തുരുത്തി ബിജുഭവനിൽ വിഷ്ണുദാസ് (23), കല്ലൂപ്പാറ പണ്ടകശാല സാം.പി.ശാമുവൽ (41) , കല്ലൂപ്പാറ കൊല്ലപ്പള്ളി ടൈറ്റസ് മാത്യു (23), നഴ്സിംഗ് വിദ്യാർഥികളായ അതിരമ്പുഴ കാഞ്ഞിരംകാലാ വിനോദ് മാത്യു (22), അതിരമ്പുഴ കുളങ്ങരവീട് ജിൻസി കുര്യൻ (18), തിരുവല്ല കുറ്റപ്പുഴ ചരുവിരത്തിൽ ജോർജ് വർഗീസ് (33) എന്നിവരെയാണ് ചങ്ങനാശേരി പോലീസ് പുഴവാതിൽനിന്നും കട്ടപ്പനയിൽനിന്നുമായി പിടികൂടിയത്.

ചങ്ങനാശേരിയിൽ പെരുന്നയ്ക്കടുത്ത് ന്യൂ ഇൻഡ്യാ ചർച്ചിനു സമീപമുള്ള റോഡിൽ കള്ളനോട്ട് കൈമാറുന്നതിനിടയിലാണ് ചങ്ങനാശേരി സി.ഐ.അനീഷ്.വി.കോരയും എസ്.ഐ. നിഷാദ് മോൻെറയും നേതൃത്വത്തിലുള്ള പോലീസ് സംഘം ഒന്നും, രണ്ടും പ്രതികളായ രണ്ടംഗസംഘത്തെ പിടികൂടിയത്. കേസിലെ മുഖ്യകണ്ണികളായ തുരുത്തി ബിജുഭവനിൽ വിഷ്ണുദാസ്, തിരുവല്ലയിൽ ഓട്ടോ ഡ്രൈവറായ കല്ലൂപ്പാറ ചാക്കോഭാഗം വീട്ടിൽ ബസിലാൽ (21) എന്നിവർ ഓട്ടോറിക്ഷയിൽ കള്ളനോട്ട് കൈമാറുമ്പോഴാണ് പോലീസിൻെറ വലയിലായത്.

ഇവരെ ചോദ്യം ചെയ്തതോടെയാണ് കള്ളനോട്ട് കടത്തിൻെറ ചുരുൾ നിവർന്നതെന്നു സി.ഐ.അനീഷ്.വി.കോര പറഞ്ഞു.

ഒന്നും രണ്ടും പ്രതികൾ സഞ്ചരിച്ച ഓട്ടോറിക്ഷയും പോലീസ് കസ്റ്റഡിയിൽ എടുത്തു.തിരുവല്ലയിൽ ഓട്ടോ ഡ്രൈവറായ ബെസിലാലാണ് കല്ലൂപ്പാറ പണ്ടകശാല സാം പി. ശാമുവൽ വഴി കള്ളനോട്ടുകൾ വിറ്റഴിച്ചിരുന്നത്. സംഘത്തിൽ നിരവധി പേരുണ്ടെങ്കിലും എട്ടു പേരെ മാത്രമാണ് പോലീസിന് പിടികൂടാനായത്.

നാലാംപ്രതി കല്ലൂപ്പാറ കൊറ്റപ്പള്ളി ടൈറ്റസ് മാത്യു (23) വഴി ബാംഗ്ലൂരിലെ മൂന്നു നഴ്സിംഗ് വിദ്യാർഥികളിൽനിന്ന് ഒന്നരലക്ഷം രൂപയുടെ കള്ളനോട്ട് കൈമാറുമ്പോൾ കട്ടപ്പനയിൽ നിന്നാണ് മറ്റ് സംഘാംഗങ്ങളെ പോലീസ് പിടികൂടിയത്. നാല്പതിനായിരത്തിൻെറ ഇൻഡ്യൻ കറൻസി നൽകി കള്ളനോട്ട് വാങ്ങാൻ എത്തിയ ബാംഗ്ലൂർ നഴ്സിംഗ് വിദ്യാർഥികളെയും കള്ളനോട്ട് ഇടപാടുകാരെയും ചങ്ങനാശേരി എസ്.ഐ. നിഷാദ് മോനും സംഘവും കൈയോടെ പിടികൂടുകയായിരുന്നു.

കട്ടപ്പന സ്വദേശി ഉണ്ണിയെന്നയാളാണ് കള്ളനോട്ട് കൈമാറ്റത്തിൻെറ പ്രധാന കണ്ണി. ഇയാൾ ഒളിവിലാണെന്ന് പോലീസ് പറഞ്ഞു.

ചങ്ങനാശേരി, തിരുവല്ല, കോഴഞ്ചേരി കല്ലൂപ്പാറ ഭാഗങ്ങൾ കേന്ദ്രീകരിച്ച സംഘം ചങ്ങനാശേരിയിലെ ലോട്ടറി കച്ചവടക്കാർ വഴിയാണ് കള്ളനോട്ട് കൈമാറ്റം ചെയ്തത്.

പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ ശ്ലൈഹീക സന്ദർശനം ഒരുക്കങ്ങൾ പൂർത്തിയായി

കോട്ടയം: ആകമാന സുറിയാനിസഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ ഇഗ്നാത്തിയോസ് സഖാപ്രഥമൻ പാത്രിയർക്കിസ് ബാവയുടെ നാലാമത് ഭാരത സന്ദർശനത്തോടനുബന്ധിച്ചുള്ള കോട്ടയം ഭദ്രാസനത്തിലെ ക്രമീകരണങ്ങളുടെ ഒരുക്കങ്ങൾ ആരംഭിച്ചു.

17 ന് എറണാകുളത്ത് എത്തിചേരുന്ന ബാവാ രണ്ടു ദിവസം കോട്ടയം ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളായ പാണംപടി, വി.മർത്തമറിയം പള്ളി, മണർകാട് മർത്തമറിയം പള്ളി,

പുതുപ്പള്ളി സെൻറ്ജോർജ് പാത്രിയർക്കൽ പള്ളി, കുമരകം സെൻറ് ജോൺസ് പള്ളി എന്നിവിടങ്ങളിൽ സന്ദർശനം നടത്തും.

യാക്കോബായ സുറിയാനി സഭയുടെ മലങ്കര മെത്രാപോലീത്താ ആയിരുന്ന പൗലൂസ് മാർ കൂറിലോസിനെ പാണംപടി വി.മർത്തമറിയം പള്ളിയിൽ വച്ചു സഭയിലെ വിശുദ്ധന്മാരുടെ പദവിയിലേക്ക് ഉയർത്തും.

പുതുതായി നിർമ്മിച്ച പുതുപ്പള്ളി സെൻറ് ജോർജ് പാത്രിയർക്കൽ ദേവാലയത്തിൻെറ കൂദാശയും നിർവഹിക്കും. ഭദ്രാസന മെത്രാപോലീത്ത തോമസ് മാർ തിമോത്തിയോസിൻെറ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ സഭാ പബ്ലിസിറ്റി കൺവീനർ

മാത്യുസ് മോർ അപ്രേം മെത്രാപോലീത്ത അംഗങ്ങളായ കുറിയാക്കോസ് മൂലയിൽ കോറെപ്പിസ്കോപ്പ, ഷെവലിയർ ബിബി എബ്രഹാം കടവുംഭാഗം, മനോജ് മാത്യു എന്നിവർ സംബന്ധിച്ചു.

ശ്രേഷ്ഠ കാതോലിയ്ക്കാ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ പൗരോഹിത്യ സുവർണജൂബിലി ആഘോഷങ്ങളുടെ സമാപനത്തോട് അനുബന്ധിച്ച് 19 ന്

എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് നടക്കുന്ന സമ്മേളനത്തിൽ കോട്ടയം ഭദ്രാസന ത്തിലെ

എല്ലാ ദേവാലയങ്ങളിൽ നിന്നും വിശ്വാസികൾ പങ്കെടുക്കണമെന്ന് യോഗം തീരുമാനിച്ചു.

പബ്ലിസിറ്റി കമ്മിറ്റിയിലേയ്ക്ക് കോട്ടയം ഭദ്രാസന ഭാരവാഹികളായി റവ.ഫാ. കുര്യാക്കോസ് മണലേൽചിറ കൺവീനറായും സി.എം.കുര്യൻ ചാലക്കുഴി കുര്യച്ചൻ കറുകച്ചേരിൽ എന്നിവരെ യോഗം തെരഞ്ഞെടുത്തു.

ഭദ്രാസന സെക്രട്ടറി റവ.ഫാ.കുര്യാക്കോസ് കോർ എപ്പിസ്കോപ്പ കിഴക്കേടത്ത്,

ഭദ്രാസന വൈദിക സെക്രട്ടറി ഫാ. തോമസ് പരിയാക്കൽ, റവ.ഫാ.ജേക്കബ് കോമടത്തുശേരി, ഫാ. തോമസ് കണ്ടാന്തറ, റവ.ഫാ. മർക്കോസ് പണിക്കരുപറമ്പിൽ, ഷെവലിയർ ഉമ്മച്ചൻ വേങ്കടത്ത് എന്നിവർ പ്രസംഗിച്ചു.

ഉപന്യാസ– പ്രസംഗമത്സരങ്ങൾ

കോട്ടയം:കോട്ടയം താലൂക്കിലെ ഹയർ സെക്കൻഡറി– വൊക്കേഷണൽ ഹയർ സെക്കൻഡറി വിദ്യാർഥികൾക്കായി നടത്തുന്ന ഉപന്യാസ–പ്രസംഗമത്സരങ്ങൾ ഒക്ടോബർ ഏഴിന് രാവിലെ 9.30 മുതൽ കോട്ടയം സുവർണ ഓഡിറ്റോറിയത്തിൽ നടക്കും. വിശദവിവരത്തിന് കോട്ടയം എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസിൽ ബന്ധപ്പെടുക. ഫോൺ: 2583091.

സിനിമ ഇന്ന്

■ കോട്ടയം
അനുപമ: ബോയ്സ് ആൻഡ് ഗേൾസ് (തമിഴ് 3 ഷോ)
നൂൺ ഷോ: വസൂൽ (തമിഴ്)
അഭിലാഷ്: 'വെറുതെ ഒരു ഭാര്യ' (4 ഷോ) ജയറാം, ഗോപിക
നൂൺ ഷോ: ദാംധൂം
ആഷ: തിരക്കഥ (4 ഷോ) പൃഥിരാജ്, സംവൃതാസുനിൽ
അനശ്വര: ജയം കൊണ്ടേൻ (തമിഴ് 4 ഷോ) വിവേക്, ഭാവന
ആനന്ദ്: ചക്കരകട്ടി (തമിഴ് 4 ഷോ) സന്ദിനു ഭാഗ്യരാജ്, വേദിക

■ ചങ്ങനാശേരി
അഭിനയ: ചക്കരകട്ടി (തമിഴ് 4 ഷോ) സന്ദിനു ഭാഗ്യരാജ്, വേദിക നൂൺഷോ: അടയാളം
ധന്യ: മുനിയാണ്ടി (തമിഴ് 4 ഷോ) ഭരത്, തൃഷ
അപ്സര: ബോയ്സ് ആൻഡ് ഗേൾസ് (തമിഴ് 4 ഷോ)
നൂൺ ഷോ:
അനു: വെറുതെ ഒരു ഭാര്യ (4 ഷോ)

■ പാലാ
യൂണിവേഴ്സൽ: വമലൈകോട്ടൈ 3 ഷോ
നൂൺ ഷോ: കാതൽ എൻട്രാൽ എന്നാ
ജോസ്: തിരക്കഥ 4 ഷോ
നൂൺ ഷോ: ഹാപ്പി ഡെയ്സ്
മഹാറാണി: പന്തയം (3 ഷോ)
നൂൺ ഷോ: വെറുതെ ഒരു ഭാര്യ
യുവറാണി: വെറുതെ ഒരു ഭാര്യ (3 ഷോ)
നൂൺ ഷോ: മായക്കാഴ്ചകൾ

■ ഏറ്റുമാനൂർ
ലോട്ടസ്: ആയുധം (3 ഷോ) സുരേഷ്ഗോപി.
നൂൺഷോ: സ്വപ്നം

■ തലയോലപ്പറമ്പ്
നൈസ്: വറുതെയൊരു ഭാര്യ (4 ഷോ) ജയറാം, ഗോപിക
പ്രഭുമൂവിഹൗസ്: ദാംദും (4 ഷോ) ജയംരവി, ജയറാം.

■ ഈരാറ്റുപേട്ട
മെട്രോ: ആയുധം സെയ്വോ (തമിഴ്) (നൂൺഷോ, സെക്കൻഡ്ഷോ). ഹാൻകോക്ക് (മാറ്റിനി, ഫസ്റ്റ്ഷോ)
സൂര്യ: കണിച്ചുകുളങ്ങരയിൽ സി.ബി.ഐ. (3 ഷോ)

■ കുറവിലങ്ങാട്
അശോക: മിന്നാമിന്നിക്കൂട്ടം (3 ഷോ)

■ കിടങ്ങൂർ
ശ്രീമുരുകൻ: പോസ്റ്റീവ് (മലയാളം)

■ മുണ്ടക്കയം
മുണ്ടക്കയം തീയറ്റർ: വെറുതെ ഒരു ഭാര്യ (3 ഷോ) ശനി, ഞായർ മോർണിംഗ് ഷോ
ഗാലക്സി: നേപ്പാളി (തമിഴ്) ഭരത്, മീരാജാസ്മിൻ.

■ കാഞ്ഞിരപ്പള്ളി
ബേബി: മിന്നാമിന്നിക്കൂട്ടം: നരേൻ, മീരാജാസ്മിൻ (ശനി, ഞായർ രാവിലെ 10.30-ന് മോണിംഗ് ഷോ)
ഗ്രാൻഡ് ഓപ്പറ: മായാബസാർ (4 ഷോ) മമ്മൂട്ടി

■ പൊൻകുന്നം
പാരഡൈസ്: Dangerous Game (ഇംഗ്ലീഷ് 3 ഷോ)

■ കറുകച്ചാൽ
ഷാൻ: ഷേക്സ്പിയർ എം.എ. മലയാളം (3 ഷോ)

■ കല്ലറ
പിറ്റീസ്: RAMBO-IV (ഇംഗ്ലീഷ്)

■ ആർപ്പൂക്കര
രാജീസ്: തൊട്ടാൽ പൂമലരും (തമിഴ്)

വൈക്കം
നർത്തകി: കബഡി, കബഡി കലാഭവൻമണി, രംഭ (2.15, 6)
വെള്ളി, ശനി, ഞായർ (2.15, 6,